

# ക്ലീൻ കറപ്ഷൻ കേരള മാതൃക

എം.പി. പ്രശാന്ത്

അഴിമതിയെപ്പോഴും മലയാളിക്കൊരു സന്മാർഗ്ഗ പ്രശ്നം മാത്രമാണ്. ആരാണ് കള്ളൻ, എത്ര അടിച്ചുമാറ്റി എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കുത്തരമായാൽ മലയാളിക്കു തൃപ്തിയായി. അതുകൊണ്ടുതന്നെയാണ് ഒരാളുടെ പോക്കറ്റിൽനിന്ന് കാശടിച്ചുകൊണ്ടുപോകുന്നത് പോലെയാണ് അഴിമതികൾ നടക്കുന്നതെന്ന ലളിത സമവാക്യത്തിൽ വിശ്വസിക്കുന്ന മലയാളിക്ക് ലാവ്‌ലിൻ കേസ് പുത്തനനുഭവമായത്.

## നൂതന അഴിമതി രീതി

എന്നാലിതൊരു പുത്തനനുഭവമാണോ. തീർത്തും അല്ല. ഇന്ത്യൻ യൂണിയനിലാകമാനം ആരോഗ്യവും, വിദ്യാഭ്യാസവുമടക്കം പലതിനും മാതൃകയായ കേരളത്തിൽ, മറ്റൊരിടത്തും വ്യാപകമല്ലാത്ത ഈ രീതി കുറച്ചുനാളായി നിലവിലുണ്ട്. രൂപങ്ങൾ പലതാണെന്നുമാത്രം.

വൻകിട പദ്ധതികളുമായി ബന്ധപ്പെട്ട അഴിമതികൾ രാജ്യത്തെവിടെയും വ്യാപകമാണ്. പിന്നെങ്ങിനെ ഈ കേരള മോഡൽ വേറിട്ടുനിൽക്കുന്നത്.

ഉത്തരം ലളിതം. സംഗതി പരീക്ഷിക്കാൻ വളരെ എളുപ്പം പിടിക്കപ്പെട്ടാലും മാന്യത കുറവായി തോന്നിപ്പിക്കാത്ത രീതി. ഒറ്റനോട്ടത്തിൽ ഒന്നും സംഭവിച്ചിട്ടില്ലെന്ന തോന്നലുണ്ടാക്കുന്ന ക്ലീൻ കറപ്ഷൻ. ഇടതോ-വലതോ ഏതു രാഷ്ട്രീയക്കാരനും മാന്യമായി പ്രയോഗിക്കാൻ പാകത്തിലുള്ള ഒന്നാണീ രീതി. ഇതുമായി തട്ടിച്ചു നോക്കുമ്പോൾ ഉദ്യോഗസ്ഥ-രാഷ്ട്രീയ-തലങ്ങളിലുള്ള നേരിട്ടുള്ള കൈക്കൂലി-കോഴ പ്രയോഗങ്ങൾ എത്ര പഴഞ്ചനും, അശാസ്ത്രീയവുമാണ്. ഉൾപ്പെട്ടിട്ടുള്ളവർക്കെല്ലാം എന്തൊരു നാറ്റമാണതുണ്ടാക്കുന്നത്. ഈ നൂതന രീതി അങ്ങനെയൊന്നുമല്ല. കാര്യങ്ങൾ വളരെ ലളിതം. കാഴ്ചക്കാരനാകട്ടെ സങ്കീർണ്ണത കൊണ്ട് ഇഴകൾ പിരിച്ചെടുത്തൊരന്വേഷണത്തിനും മുതിരില്ല. കേരളത്തിലെ ക്ലീൻ കറപ്ഷനുകളിൽ ഏറ്റവും പ്രചാരത്തിലുള്ള ഒന്നു മാത്രമെടുത്തു പരിശോധിക്കാം.

ആദ്യം, ഏതെങ്കിലുമൊരു സ്ഥലത്ത് അമ്പതോ, നൂറോ ഏക്കർ സ്ഥലം സ്വന്തമായി വാങ്ങുകയോ ഇഷ്ടക്കാരെ കൊണ്ട് വാങ്ങിപ്പിക്കുകയോ ചെയ്യുക. ഇങ്ങനെ ചുറ്റുപാടും വാങ്ങിയ സ്ഥലത്തിനു നടുവിലായോ, അരികിലായോ ഏതെങ്കിലുമൊരു പദ്ധതി കൊണ്ടുവരിക. എയർപോർട്ടോ, ഹൈവെയോ, സോഫ്റ്റ് വെയർ പാർക്കോ, എന്തുമാകട്ടെ ആർക്കും സംശയം തോന്നില്ല. ഇനി, സംശയം തോന്നിയാൽ തന്നെ എന്താണ് കുഴപ്പം. അല്ലെങ്കിൽ തന്നെ ആർക്കും പിടികൊടുക്കാതെ ഒഴിഞ്ഞു മാറാവുന്ന ഉപായങ്ങളല്ല ഈ അഴിമതിയിൽ മുഖ്യം. മറിച്ച്, അഴിമതി നടന്നെന്ന് തെളിഞ്ഞാലും, മാന്യത കുറഞ്ഞൊരേർപ്പാടല്ല നടത്തിയതെന്ന് തോന്നിപ്പിക്കും വിധം അഴിമതി സങ്കീർണ്ണമാക്കലാണ് ലക്ഷ്യം.

അതിനുമുമ്പ് പല രീതിയിലും പ്രയോഗിക്കപ്പെട്ടിട്ടുണ്ടെങ്കിലും, നെടുമ്പാശ്ശേരി എയർപോർട്ട് നിർമ്മാണത്തെ തുടർന്നാണ് ഈ പുതുരീതി പച്ച പിടിക്കുന്നത്. ഗോശ്രീ പാലത്തിലൂടെ, എക്സ്പ്രസ്സ് ഹൈവേയിലൂടെ, സ്മാർട്ട് സിറ്റിയിലെത്തി നിൽക്കുന്ന നീണ്ടൊരു പട്ടികയുണ്ട് നമുക്ക് മുന്നിൽ. എന്നാൽ ഇതിനെയെല്ലാം കവച്ചുവെച്ചത് എസ്.എൻ.സി. ലാവ്‌ലിൻ കേസാണ്. ഉപയോഗിക്കപ്പെട്ട മോസ്റ്റ് മോഡേൺ 'ടെക്നോളജി' യുടെ അടിസ്ഥാനത്തിൽ, ഇത്തരമഴിമതികളെ സംബന്ധിക്കുന്ന കൈപുസ്തകത്തിന് സമാനമായി ഈ കേസിനെ കണക്കാക്കാവുന്നതാണ്.

## എസ്.എൻ.സി. ലാവ്‌ലിൻ

അതിശാസ്ത്രീയവും നൂതനവുമായ സ്വഭാവം കൊണ്ടുതന്നെ, ലാവ്‌ലിൻ കേസിൽ എന്താണ് നടന്നതെന്ന് പൊതുജനത്തിനൊന്നും പിടികിട്ടിയില്ല. വൻ അഴിമതി നടന്നിട്ടുണ്ടെന്ന് പറയുന്നതല്ലാതെ, അതിന്റെ വിശദാംശങ്ങൾ ആരായുന്നവർക്കു മുമ്പിൽ മാധ്യമ പ്രവർത്തകരും മിഴിച്ചുനിൽക്കുന്നു. ഈ സ്ഥിതിക്ക് അറിയാതെ നിവൃത്തിയില്ല. എന്താണീ അഴിമതിയുടെ സവിശേഷ സ്വഭാവവും നൂതനത്വവും.

കോഴവാങ്ങൽ, കൈക്കൂലി വാങ്ങൽ, ഫണ്ടുതട്ടൽ തുടങ്ങി കണ്ടു പരിചയിച്ച അഴിമതി രീതികളിൽ നിന്നും വ്യത്യസ്തമായൊരു രീതി ഇതിനുണ്ടെന്നു സമ്മതിക്കാതെ വയ്യ. ആരാണ് കാശ് വാങ്ങിയത്, എങ്ങനെയാണ് വാങ്ങിയത്, എന്തിനാണ് വാങ്ങിയത് തുടങ്ങിയ സ്വാഭാവിക ചോദ്യങ്ങൾക്കൊന്നും ഇവിടെ പ്രസക്തിയില്ല. ആരൊക്കെ ഉൾപ്പെട്ടിരിക്കുന്നുവെന്നതിനുപോലും, ആരൊക്കെ ഉൾപ്പെട്ടിട്ടുണ്ട്, ബന്ധപ്പെട്ട സ്ഥാപനത്തിന് എന്തുനഷ്ടം വരുത്തി തുടങ്ങിയ കാര്യങ്ങൾ എളുപ്പം മട്ടിൽ മനസ്സിലാക്കിയെടുക്കാൻ പറ്റുന്ന തരത്തിലുള്ളതാണിതിന്റെ രൂപകല്പന. വ്യക്തവും, സുതാര്യവും, എന്നാൽ പുറത്തുവന്നാൽ കാര്യമായി പൊല്ലാപ്പുകളൊന്നുമുണ്ടാക്കുന്നുമില്ലെന്നതാണിതിന്റെ പ്രത്യേകത. കാരണം എന്തിനുപണം പറ്റിയെന്നതിന് കൃത്യമായ ഉത്തരമുണ്ട്. ഇതുതന്നെ അഴിമതിയുടെ ന്യായീകരണവും.

നടന്നത് വ്യക്തമായി മനസ്സിലായില്ലെങ്കിലും, ആര് കാശടിച്ചു, ആരിൽനിന്നെന്ന ചോദ്യങ്ങൾക്ക് ഉത്തരമായപ്പോൾ, നടന്നതൊന്നും കുഴപ്പമുള്ളതല്ലെന്ന് മലയാളി വിശ്വസിച്ചു. അതല്ല ഇത്ര ലക്ഷം രൂപ ഇന്ന കൂട്ടരിൽ നിന്ന്, ഇന്നിന്നയാളുകൾ കൈപ്പറ്റിയെന്ന കണക്ക് വെളിപ്പെട്ടിരുന്നില്ലെങ്കിൽ മലയാളിക്ക് പ്രശ്നമുണ്ടായേനെ. അഴിമതിയുടെ സങ്കീർണ്ണതകളിൽ അവന്നു താൽപര്യമില്ല. കാര്യങ്ങൾ ആയാസം

കൂടാതെ വെളിപ്പെടണം. എസ്.എൻ.സി. ലാവ്‌ലിൻ ഏതൊരു കൊച്ചുകുട്ടിക്കും എളുപ്പം മനസ്സിലാക്കിയെടുക്കാവുന്ന കേസാണ്. ആര് വാങ്ങി, ആര് കൊടുത്തു എന്ന സ്വാഭാവിക ചോദ്യങ്ങൾക്ക് എളുപ്പത്തിൽ ഉത്തരം തരുന്ന ഒരു പ്രശ്നമാണത്. ഉൾപ്പെടുന്നവരുടെ ന്യായീകരണങ്ങൾ എളുപ്പം പൊതുജനത്തിന് ബോധ്യമാവുന്നതുമാണ്. എന്നാൽ അതങ്ങനെയാണോ?

പകൽ വെളിച്ചത്തിൽ നടക്കുന്നതായാലും, എതിർക്കുന്നവനേയും, പക്ഷം പിടിക്കുന്നവനേയും കുഴയ്ക്കുന്ന ഒരു ഘടന ഈ അഴിമതികൾക്കുണ്ട്. വൈദ്യുതി മന്ത്രി കാശു വാങ്ങി. എന്തിനു വാങ്ങി? കാൻസർ സെന്ററിന്. ചോദ്യവും ഉത്തരവും സ്വയം വിശദീകരണ യുക്തിയുള്ളതാണ്. സങ്കീർണ്ണതകൾക്കൊന്നും ഇവിടെ സ്ഥാനമില്ലെന്ന് ചോദ്യം ചോദിക്കുന്നയാളും ഉത്തരം പറയുന്നയാളും വാദിക്കുന്നു. അഴിമതി തുകയുടെ കണക്ക്, സാധാരണക്കാരന്റെ സാമാന്യ ഗണിതങ്ങൾക്കപ്പുറമായതുകൊണ്ട് കേസിന്റെ വിശ്വാസ്യതയെ തന്നെ ചോദ്യം ചെയ്യുന്ന അവസരമുണ്ടായിട്ടുണ്ട്. ഒന്നോ രണ്ടോ രാഷ്ട്രീയക്കാരും, വിരലിലെണ്ണാവുന്ന ഉദ്യോഗസ്ഥരും കൂടി 350 കോടി രൂപയോ?

ഏതാണ്ട് ഒരേ കാലയളവിൽ നടന്ന രണ്ടഴിമതി കേസുകളിൽ മലയാളിക്കുണ്ടായ വ്യത്യസ്ത പ്രതികരണങ്ങൾ ഉദാഹരിക്കുന്നതിലൂടെ ഈ സമസ്യ കുറച്ചുകൂടി വ്യക്തമാകും.

വയനാട്ടിൽ നടന്ന ബിഎഡ് കോഴക്കേസാണ് ഒന്നാമത്തെ സംഭവം. ഭരണകക്ഷിയിലെ ഒരു നേതാവ് ബിഎഡ് കോളേജ് അനുവദിക്കുന്നതിനുവേണ്ടി ക്രിസ്തീയ സഭയിലെ ഒരു ബിഷപ്പിൽനിന്ന് ഒരു ലക്ഷം രൂപ കോഴ ചോദിച്ചുവെന്നാണ് കേസ്. ഇടുക്കി ജില്ലയിൽ വൻകിട മുതലാളിമാർ കൈവശം വെച്ചിരിക്കുന്ന തോട്ടങ്ങളുടെ പാട്ടതുക സർക്കാർ വെട്ടിക്കുറച്ചതുമായി ബന്ധപ്പെട്ട അഴിമതിയാണ് രണ്ടാമത്തെ സംഭവം. ആദ്യത്തേതിന് കൃത്യമായ പ്രതികരണമുണ്ടായി. വലിയൊരായാസം കൂടാതെ, അതിലളിതമായ രീതിയിൽ ഒരഴിമതി കേസിന്റെ ഉള്ളറകൾ മനസ്സിലാക്കിക്കൊണ്ട് അഴിമതി വീരനെ കുടക്കുന്നുവെന്ന മട്ടിൽ പത്രങ്ങളും പത്രവായനക്കാരും ആഘോഷിച്ചു. എന്നാൽ രണ്ടാമത്തെത് കുറച്ചുകൂടി കുഴയ്ക്കുന്ന പ്രശ്നമാണ്. പാട്ടതുക വെട്ടിക്കുറച്ച് 500 കോടി രൂപ വൻകിട മുതലാളിമാർക്ക് ലാഭമുണ്ടാക്കി കൊടുത്തവരാരാണെന്ന് മലയാളി മനസ്സിലാക്കി. എന്നാൽ അതിനപ്പുറം മലയാളിയുടെ സന്മാർഗ്ഗ ബോധത്തിൽ അഴിമതി വീരനെന്ന് വിളിക്കാൻ പറ്റുന്ന വീവക്ഷകളൊന്നുമില്ലാത്തതിനാൽ അതങ്ങനെതന്നെ വിഴുങ്ങേണ്ടി വന്നു.

അഴിമതിക്കു നേരെയുള്ള മലയാളികളുടെ പ്രതികരണങ്ങൾ ഈയർത്ഥത്തിൽ കളവ്/തട്ടിപ്പ് തുടങ്ങിയ ലളിതമായ സാന്മാർഗ്ഗിക പ്രശ്നങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നതാണ്. അതുകൊണ്ടാണ് കള്ളന്മാരിൽനിന്നും അഴിമതിക്കാരിൽനിന്നും അച്ചുതാനന്ദനെ പോലെ ഒരൊറ്റയാൾക്ക് കേരളത്തെ രക്ഷിക്കാൻ കഴിയുമെന്ന് മലയാളി വെറുതെ ആശിക്കുന്നത്. അഴിമതികളുടെ ഒരു രാഷ്ട്രീയ സാമ്പത്തിക മാനങ്ങൾ ഈ എതിർപ്പുകളിൽ കടന്നുവരാറേയില്ല. ആർഎസ്എസുകാരനും ജമാഅത്തെ ഇസ്ലാമിക്കാരനും സൗന്ദര്യ മത്സരത്തെ എതിർക്കുന്നതുപോലെയാണിത്. ഇവിടെ സന്മാർഗ്ഗത്തെ സംബന്ധിക്കുന്നതാണ് ഏറ്റവും വലിയ പ്രശ്നം. സൗന്ദര്യ മത്സരങ്ങളുടെ പൊളിറ്റിക്കൽ ഇക്കോണമി ഒരിക്കലും വിഷയമാകുന്നില്ല. കേരളത്തിലെ അഴിമതികളെ സംബന്ധിച്ചും ഇതാണ് നടക്കുന്നത്. അതുകൊണ്ടാണ് ക്ലീൻ കറപ്ഷനുകൾക്ക് കേരളത്തിൽ കൂടുതൽ ഇടം കിട്ടുന്നതും.

*പി.ബി. 100, തൃശൂർ-1*

# ഒരു ചോലയെങ്കിൽ, ഒരു ചോലയെങ്കിലും രക്ഷിക്കുക

വിഷ്ണുനാരായണൻ നമ്പൂതിരി

തെഹ്‌രി അണക്കെട്ടിൽ വെള്ളം നിറഞ്ഞ് ഒരു രാജ്യം ആകെ മുങ്ങിത്താണുകഴിഞ്ഞു എന്ന വാർത്ത കുറച്ചു മാസങ്ങൾക്കുമുമ്പ് നമ്മുടെ കാതിലെത്തി. നമ്മുടെ ജീവിതത്തിന്റെ ഏക ആശ്രയമായി ഇന്നലെ വരെ കരുതിയിരുന്ന ഭൂമിയെ നാം അക്ഷരാർത്ഥത്തിൽ മുക്കിക്കൊല്ലാനുള്ള പുറപ്പാടാണോ?

അങ്ങനെയാണെങ്കിൽപ്പോലും വിവേകികളായ ന്യൂനപക്ഷം മനുഷ്യർക്ക് എന്താണ് കരണീയം?

സ്വയം ഇരയായി തിന്മയ്ക്ക് സമർപ്പിക്കുകയോ? അതോ തോൽവി അറിഞ്ഞുകൊണ്ടുതന്നെ, ഒരിഞ്ചെങ്കിൽ ഒരിഞ്ച് ഭൂതധാത്രിക്കു വേണ്ടി ശരീരവും സമയവും ആത്മകർമ്മങ്ങളും ശ്രദ്ധയോടെ ആഹുതി ചെയ്യുകയോ? ഇന്ത്യക്കാരന്റെ ചിരന്തനമായ ധർമ്മം രണ്ടാമാർഗ്ഗമേ നിർദ്ദേശിക്കുന്നുള്ളു.

കേരളം മരുഭൂമിയുടെ വക്കത്താണ് ഇന്ന് നിലനിൽക്കുന്നത്. ശീതാതപങ്ങളുടെ താളം തെറ്റിക്കഴിഞ്ഞു; മണ്ണ് വെറും ചാരമായിത്തീർന്നു; വല്ലതും തിന്നണമെങ്കിൽ വെളിയിൽ നിന്ന് കൊണ്ടുവരണമെന്ന് അവസ്ഥയായിരിക്കുന്നു. കുടിവെള്ളത്തിനുവേണ്ടി അന്യോന്യം കടിച്ചുകീറുന്ന ഒരു ജനതയായി നാം അതിവേഗം "വികസിച്ചു" കൊണ്ടിരിക്കുന്നു! ഈ ദുർഗ്ഗതിക്ക് തടയിടാൻ ജീവിതം ഉഴിഞ്ഞുവെച്ച ശുദ്ധാത്മാക്കളെ സാമൂഹ്യവിരുദ്ധരും പുരോഗമന ശത്രുക്കളുമാക്കി തേജോവധം ചെയ്യാൻ, ധനവും അധികാരവും മാധ്യമസ്വാധീനവും ഉള്ള ദുഷ്ടശക്തികൾക്ക് ഒരു മടിയുമില്ലെന്നു വന്നിരിക്കുന്നു. അവരെ നിലയ്ക്കു നിർത്താൻ ബാധ്യതപ്പെട്ട സർക്കാർ തന്നെ അവർക്ക് ഒത്താശയും അകമ്പടിയും ഒരുക്കിക്കൊടുക്കുവാൻ ഉത്സാഹിക്കുന്നു.

ഹൃദയാലുകൾക്ക് ഇവിടെ ഒരൊറ്റ വഴിയേ സ്വീകരിക്കാനാവൂ. ഗാന്ധിജിയും ജയപ്രകാശും കാട്ടിതന്ന വഴി. പൊതുജന ശിക്ഷണത്തിന്റെ, തുറന്ന ചെറുത്തുനില്പിന്റെ, മറുപക്ഷത്തെ മെരുക്കുന്ന സ്നേഹദീപ്തമായ സഹനത്തിന്റെ, വ്രതനിശിതമായ അഹിംസയുടെ വഴി.

പൊതുതെളിവെടുപ്പ് നടത്തുന്ന അഭിജ്ഞന്മാരുടെ സമിതിക്ക് മുമ്പിൽ എന്റെ പ്രാർത്ഥന ഇതാണ്. "ഒരു ചോലയെങ്കിൽ ഒരു ചോലയെങ്കിലും" രക്ഷിക്കുക! അതുവഴി ജീവിതത്തിന്റെ പകൽ നീളം "ഒരു മാത്രയെങ്കിൽ ഒരു മാത്ര"യെങ്കിലും വർദ്ധിപ്പിക്കുക!! കേവലമായ, ധാർമ്മികമായ, നീതി ഇതാവശ്യപ്പെടുന്നു.

*ശ്രീവല്ലി, തൈക്കാട്, തിരുവനന്തപുരം-4*